**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3757** **12-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി M/s. കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും നാച്ചുറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, പവലിയൻ ബിൽഡിംഗ്, ചെയ്ഞ്ച് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും 15.83 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും M/s. കിറ്റ്കോയ്ക്ക് 15.74 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ M/s. കിറ്റ്കോ ടി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും, ടെണ്ടറിന്റെ പകർപ്പ് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്കായി ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി കൂടുകയും ടി പ്രവൃത്തിയുടെ ഒറിജിനൽ ടെണ്ടർ ഡോക്യുമെന്റ്സ് കമ്മിറ്റിയിൽ സമർപ്പിക്കുവാൻ M/s. കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെങ്കിലും ആയത് കിറ്റ്കോ ഇത് വരെ ലഭ്യമാക്കിയിട്ടില്ല . |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും പിണ്ടിമന ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും പഞ്ചായത്തിൽ നിന്നും പിന്നീട് ആവശ്യപ്പെട്ട പ്രകാരം റിപ്പോർട്ട് 21.10.2024-ൽ പഞ്ചായത്തിന് സമർപ്പിച്ചിട്ടുള്ളതാണെന്നും പദ്ധതിയുടെ എസ്.പി.വി ആയ M/s. കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയിൽ നാളിതുവരെ കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ 05.02.2025-ൽ കിഫ്ബി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചേർന്ന അവലോകന യോഗത്തിൽ പദ്ധതിയുടെ എസ്.പി.വി ആയ M/s. കിറ്റ്കോയെ ടി സ്ഥാനത്ത് നിന്ന് നീക്കം ചെയ്ത് സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്റ്റേഡിയവുമായി ബന്ധപ്പെട്ട രേഖകൾ കൈമാറി നൽകുവാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ M/s.കിറ്റ്കോയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭൂമി തരം മാറ്റ നടപടികൾ പൂർത്തിയായതിന് ശേഷം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ